പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5788 27.10.2011- ൽ മറുപടിയ്ക്ക്

## കാർഷിക കടാശ്വാസ കമ്മീഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാർഷിക കടാശ്വാസ കമ്മീഷൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സിറ്റിംഗുകളാണ് നടത്തിയിട്ടുള്ളത്; ഇതേവരെ എത്ര അപേക്ഷയാണ് പരിഗണിച്ചതെന്നും എത്ര രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കാമോ; | (എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം കടാശ്വാസ കമ്മീഷൻ 31.7.2011 വരെ എല്ലാ ജില്ലകളിലുമായി 57 സിറ്റിംഗുകൾ നടത്തിയിട്ടുണ്ട്. ഇക്കാലയളവിൽ പരിഗണിച്ച അപേക്ഷകളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| | |
|---|---|
| തിരുവനന്തപുരം | 3508 |
| ഇടുക്കി | 2849 |
| മലപ്പുറം | 1172 |
| പാലക്കാട് | 628 |
| കോഴിക്കോട് | 307 |
| വയനാട് | 468 |
| കണ്ണൂർ | 621 |
| കാസർഗോഡ് | 1103 |
| ആകെ | 10656 |

മേൽപ്പറഞ്ഞ അപേക്ഷകളിൽ ശിപാർശചെയ്ത കടാശ്വാസം വിതരണം ചെയ്തിട്ടില്ല.

(......2)

| | |
|---|---|
| (ബി) മുൻ സർക്കാരിന്റെ കാലത്ത് കടാശ്വാസ കമ്മീഷൻ എത്ര സിറ്റിംഗുകൾ നടത്തി; എത്ര അപേക്ഷകളാണ് കമ്മീഷന്റെ പരിഗണനയ്ക്കായി ഇക്കാലത്ത് ലഭിച്ചത്; എത്ര അപേക്ഷകളിൽ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; ആകെ ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ? | (ബി) മുൻ സർക്കാരിന്റെ കാലത്ത് എല്ലാ ജില്ലകളിലുമായി കമ്മീഷൻ 787 സിറ്റിംഗുകൾ നടത്തിയിട്ടുണ്ട്. കമ്മീഷന് മുമ്പാകെ അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതിയായ 31.5.2009 നകം ആകെ ലഭിച്ച 4,10,549 അപേക്ഷകളിൽ 17,1,407 അപേക്ഷകൾ ഇക്കാലയളവിൽ തീർപ്പാക്കിയിട്ടുണ്ട്. ഈ ഇനത്തിൽ ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ജില്ല | അവാർഡുകളുടെ എണ്ണം | തുക |
|---|---|---|
| തിരുവനന്തപുരം | 2140 | 6,24,45,272 |
| കൊല്ലം | 443 | 1,41,47,376 |
| പത്തനംതിട്ട | 464 | 79,65,505 |
| ആലപ്പുഴ | 325 | 52,39,706 |
| കോട്ടയം | 412 | 1,18,70,913 |
| ഇടുക്കി | 13288 | 11,53,49,921 |
| എറണാകുളം | 128 | 27,72,904 |
| തൃശൂർ | 451 | 86,77,450 |
| പാലക്കാട് | 431 | 81,65,306 |
| മലപ്പുറം | 725 | 1,17,29,115 |
| കോഴിക്കോട് | 1691 | 4,11,88,016 |
| വയനാട് | 6298 | 10,46,15,280 |
| കണ്ണൂർ | 677 | 1,06,52,330 |
| കാസർഗോഡ് | 763 | 1,06,17,640 |
| ആകെ | 28236 | 41,54,37,234 |

സെക്ഷൻ ഓഫീസർ